പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1858 17-06-2013-ൽ മറുപടിയ്ക്ക്

ഗുണ്ടാ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി. വിജയദാസ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഗുണ്ടാ ആക്റ്റ് പ്രകാരം യുവജന വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിച്ചതെന്തുകൊണ്ടാണ്; വിശദാംശം നൽകുമോ; | (എ) യുവജന വിദ്യാർത്ഥി സംഘടനകളുടെ നേതാക്കൾക്കെതിരെ 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം അനുസരിച്ച് നടപടികൾക്കൊന്നും ശുപാർശ ചെയ്തിട്ടില്ല. |
| (ബി) ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) യും (സി) യും (ഡി) യും |
| (സി) 'ഗുണ്ടാ ആക്റ്റ്' ടി നേതാക്കൾക്കെതിരെ പ്രയോഗിച്ചതിന്റെ സാംഗത്യം വിശദമാക്കുമോ; | ബാധകമല്ല. |
| (ഡി) ഇത്തരത്തിൽ കേസ് രജിസ്റ്റർ ചെയ്ത് ടി നേതാക്കൾ പ്രവർത്തിക്കുന്ന ജില്ലയിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് മാറിപ്പോകണം എന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശം നൽകുമോ ? | |

സെക്ഷൻ ഓഫീസർ